## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം

വിഷയം:- ആ.വ.ഡ. – ജീവനക്കാര്യം – ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലെ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1) ഉത്തരവ് നം. ഇ.ജി4-65753/2020/ആ.വ.ഡ, തീയതി 26-08-2020

2) സർക്കുലർ നം. എ3-246/2020/ഹെൽത്ത് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തീയതി 29-09-2020

3) വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖാന്തിരം ലഭിച്ച അപേക്ഷ.

**ഉത്തരവ് നം. ഇ.ജി4-65753/2020/ആ.വ.ഡ. തീയതി 09-10-2020**

മേൽ പരാമർശം (1) പ്രകാരം ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലെ 2020 വർഷത്തിലെ പൊതു സ്ഥലംമാറ്റത്തിന്റെ കരട് പട്ടിക അപ്പീലുകൾ ക്ഷണിച്ചുകൊണ്ട് പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ സവിശേഷ സാഹചര്യവും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ട് ആരോഗ്യ വകുപ്പിലെ ഈ വർഷത്തെ പൊതുസ്ഥലംമാറ്റം കോവിഡ് വ്യാപനം ശമിക്കുന്ന മുറക്ക് മാത്രമേ പരിഗണിക്കേണ്ടതുള്ളൂ എന്ന് മേൽ പരാമർശം (2) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരിക്കുന്നു. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലോ, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലോ പൊതു താത്പര്യത്തിന്റെയോ ഭരണപരമായ സൗകര്യത്തിന്റെയോ അടിസ്ഥാനത്തിലുള്ള അടിയന്തിര സാഹചര്യങ്ങളിലോ അച്ചടക്ക നടപടികളുടെ ഭാഗമായോ സ്ഥാനക്കയറ്റത്തിന്റെ ഫലമായോ അനിവാര്യമാകുന്ന സ്ഥലംമാറ്റങ്ങൾ പരിഗണിക്കേണ്ടതാണെന്ന് മേൽ പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലെ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരാമർശം (3) പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലെ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റം അനുവദിക്കപ്പെട്ട ജില്ല | അഭിപ്രായം |
|---|---|---|---|
| 1 | ഗോപിനാഥൻ<br>സി.എച്ച്.സി. തൃക്കടവൂർ, കൊല്ലം | പാലക്കാട് | എച്ച്.എം.ആർ.പി. നം. 7978/11/10-19 PKD, തീയതി 18-02-20 ഉത്തരവ് പ്രകാരം കോങ്ങാട് സി.എച്ച്.സി |
| 2 | അബ്ദുൾ ലത്തീഫ്<br>സി.എച്ച്.സി. നെടുമങ്കാവ്, കൊല്ലം | ആലപ്പുഴ | നിലവിലുള്ള ഒഴിവ് |
| 3 | ജോയ് ജോസഫ്<br>സി.എച്ച്.സി. രാമമംഗലം, എറണാകുളം | കോട്ടയം | നിലവിലുള്ള ഒഴിവ് |
| 4 | ശശികുമാർ.എം.പി<br>സി.എച്ച്.സി. തരിയോട്, വയനാട് | എറണാകുളം | ക്രമ നം. 3 പ്രകാരമുള്ള ഒഴിവ് |

| | | | |
|---|---|---|---|
| 5 | മാർസൽ അറക്കൽ<br>സി.എച്ച്.സി പൂന്തുറ, തിരുവനന്തപുരം | വയനാട് | ക്രമ നം. 4 പ്രകാരമുള്ള ഒഴിവ് |
| 6 | സോമൻ.കെ<br>ഡി.വി.സി. യൂണിറ്റ് പാലക്കാട് | മലപ്പുറം | നിലവിലുള്ള ഒഴിവ് |
| 7 | ഹരിപ്രകാശൻ.കെ<br>സി.എച്ച്.സി കോങ്ങാട്, പാലക്കാട് | തൃശ്ശൂർ | നിലവിലുള്ള ഒഴിവ് |
| 8 | രാമദാസ്.പി.കെ<br>ഡി.വി.സി. യൂണിറ്റ്, മലപ്പുറം | പാലക്കാട് | ക്രമ നം. 6 പ്രകാരമുള്ള ഒഴിവ് |
| 9 | കെ.എച്ച്.സുലൈമാൻ<br>സി.എച്ച്.സി കന്യാകുളങ്ങര,<br>തിരുവനന്തപുരം | കോഴിക്കോട് | നിലവിലുള്ള ഒഴിവ് |
| 10 | കുഞ്ഞികൃഷ്ണൻ.എം<br>സി.എച്ച്.സി<br>വിഴിഞ്ഞം, തിരുവനന്തപുരം | കാസർഗോഡ് | ഒ.എ. 604/20 കേസിലെ ബഹു. കെ.എ.റ്റി.യുടെ 23-03-20 ലെ ഉത്തരവ് പ്രകാരം |
| 11 | നന്ദകുമാർ.ബി<br>താലൂക്ക് ആശുപത്രി,<br>നീലേശ്വരം, കാസർഗോഡ് | മലപ്പുറം | ക്രമ നം. 8 പ്രകാരമുള്ള ഒഴിവ് |

മേൽ പരാമർശിച്ച ജീവനക്കാരെ സ്ഥാപന മേധാവികൾ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും അതാതു ജില്ലാ മെഡിക്കൽ ആഫീസർമാർ അനുയോജ്യമായ നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ / പ്രവേശന നടപടിക്രമങ്ങൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ഡോ. വി.മീനാക്ഷി
അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
2) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ / സൂപ്രണ്ട്
3) ഔദ്യോഗിക വെബ് സൈറ്റ്
4) ഫയൽ / കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

SS-12-10-2020